# ഈ അശ്വമേധത്തിനു കടിഞ്ഞാൺ ഇടണം

ഫാ.പോൾ കോട്ടയ്ക്കൽ [Sr. ]

ജോൺ കൊച്ചുമുട്ടം അച്ചൻ, കോതമംഗലം രൂപതാംഗമായ എന്റെ ഒരു സഹപാഠിയാണ്. അദ്ദേഹം അടുത്ത കാലത്തു ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയനായി. ഞാനും ഇതിലൂടെ കടന്നുപോയ ആളായതുകൊണ്ട് അതിന്റെ ആലസ്യവും ബുദ്ധിമുട്ടും എനിക്ക് നന്നായിട്ടറിയാം. ജോണച്ചനു വിരമിക്കാൻ ഏതാനും മാസങ്ങൾ മാത്രമാണുള്ളത്.

ഒരു ദിവസം ഞാൻ അച്ചനെ സന്ദർശിച്ചു. മനോഹരമായ ഭൂപ്രദേശത്താണ് അദ്ദേഹത്തിന്റെ ഇടവക. ചെറിയ കുന്നുകൾ നിറഞ്ഞു നിൽക്കുന്ന ഒരു നാട്. മൊത്തത്തിൽ പച്ചപ്പാണു എല്ലായിടത്തും. മനസിന് ആഹ്ലാദം തരുന്ന പ്രകൃതി മനോഹരമായ ഒരു ഗ്രാമം. ജോണച്ചൻ എത്ര ഭാഗ്യവാൻ! പട്ടണത്തിൽ വസിക്കുന്ന എനിക്ക് അങ്ങനെ തോന്നിയില്ലെങ്കിലേ അത്ഭുതമുള്ളു.

ഒരു കുന്നിന്റെ മണ്ടയിലാണ് പള്ളിയും മേടയും. അടുത്തെങ്ങും ഒരു പെട്ടിക്കടയോ ചായക്കടയോ കണ്ടില്ല.മണിക്കൂറുകൾ ആയിട്ടും ഒരു ബസ്പോലും അതിലെ പോയതിന്റെ അനക്കം കേട്ടില്ല. ദോഷം, പറയരുതല്ലോ, ഒന്ന് രണ്ടു ഓട്ടോറിക്ഷ ഇതിനിടെ അതിലെ ഇരമ്പിപോയി. ഇതാണത്രേ ആ പ്രദേശത്തെ പ്രധാന യാത്രമാർഗം. ചെന്നപാടെ ഒരുകപ്പ് ചൂടൻ ചായ നൽകി അച്ചൻ എന്നെ സ്വീകരിച്ചു. അദ്ദേഹം തന്നെയാണ് അതുണ്ടാക്കിയത്.

വിശേഷങ്ങൾ പങ്കുവച്ചതോടൊപ്പം അച്ചൻ പള്ളിയും പരിസരവും എനിക്ക് കാണിച്ചു തന്നു. എല്ലാം മനോഹരം, പക്ഷേ ഒരു ഹൃദ്രോഗിക്കു ഒട്ടും ചേർന്നതല്ല. സിമിത്തേരിയുടെ കിടപ്പു മാത്രം മതി ഇതു മനസിലാക്കാൻ.എല്ലാ ദിവസവും രാവിലെ കുർബാനക്ക് ശേഷം അവിടെപ്പോയി ഒപ്പീസ് ചൊല്ലണം. പക്ഷേ 20 തിൽ കുറയാതെ നടകൾ ഇറങ്ങുകയും കയറുകയും വേണം കുഴിമാടങ്ങൾക്കടുത്തെത്താൻ. സർജറി കഴിഞ്ഞിരിക്കുന്ന ഒരാൾക്ക് ഇതു ഒട്ടും നല്ലതല്ല.

ഞങ്ങൾ തിരിച്ചു മുറിയിൽ എത്തി. ഞാൻ ചോദിച്ചു 'താങ്കൾക്കു ഇത്രയും പ്രായം ആയി, രോഗിയാണ്. റിട്ടയർ ചെയ്യാൻ പോകുന്നു. ഇതു കണക്കിലെടുത്തു യാത്രാ സൗകര്യം ഉള്ള ഒരു പള്ളി ചോദിക്കരുതായിരുന്നോ?' മറുപടി; 'ചോദിക്കാതെ മനസിലാക്കി പെരുമാറാനുള്ള, വലിയ മനസ് അധികാരികൾക്ക് കാണിക്കാമല്ലോ?' ഇനി ചോദിച്ചാൽ തന്നെ ഫലം ഉണ്ടാവില്ലെന്നു മുൻ അനുഭവങ്ങൾ എന്നെ പഠിപ്പിക്കുന്നു.'

ഇതു പറഞ്ഞിട്ട് അദ്ദേഹം ഓഫീസ് മുറിയിൽ പോയി, വർഷങ്ങൾക്ക് മുൻപ് താൻ തന്നെ എഴുതിയ ഒരു ലേഖനം എന്നെ കാണിച്ചിട്ട് വായിക്കാൻ പറഞ്ഞു. അപ്പോഴേക്കും ആരോ വാതിലിൽമുട്ടി. മറ്റൊരു സന്ദർശകൻ ആയിരുന്നു. എന്നെ തനിച്ചാക്കിയിട്ട് അച്ചൻ സന്ദർശകനുമായി സംസാരിക്കാൻ പോയി. തിരിച്ചു വന്നപ്പോഴേക്കും ഞാൻ ലേഖനം വായിച്ചു തീർത്തിരുന്നു. അപ്പോൾ എനിക്ക് മനസി ലായി രോഗിയായ കൊച്ചുമുട്ടം അച്ചന് കുറച്ചുകൂടി യാത്ര സൗകര്യമുള്ള ഒരു ഇടവക കൊടുക്കാത്തതിന്റെ കാരണം എന്തെന്ന്. വർഷങ്ങൾ കഴിഞ്ഞു ഇപ്പോഴും, ജോണച്ചന്റെ വാക്കുകളിൽ തന്നെ പറഞ്ഞാൽ, ബിഷപ്പിന് അദ്ദേഹത്തോട് കലി പ്പാണത്രെ. (ആ ലേഖനം അപ്പാടെ ചുവടെ ചേർക്കുന്നുണ്ട്.)

മറ്റുള്ളവരുടെ വേദനയോടു താദാത്മ്യം പ്രാപിക്കാൻ പറ്റാത്തതാണ് ഇപ്പോഴത്തെ ക്രൈസ്തവ നേതൃത്വത്തിന്റെ വലിയ പോരായ്മ.

# വേണം മെത്രാന്മാർക്കും സ്ഥലമാറ്റം



ഫാ. ജോൺ കൊച്ചുമുട്ടം

മാറ്റം പ്രകൃതി നിയമമാണ് "Everything is flux" എന്ന് ഗ്രീക്ക് തത്വചിന്തകനായ ഹെരാക്ലീറ്റസും "There is no being only becoming" എന്ന് ആധുനിക തത്വശാസ്ത്രവും പറഞ്ഞുവയ്ക്കുന്നത് ഒന്നു തന്നെ. You can not jump twice in the same river എന്ന് പറയാറുണ്ടല്ലോ.

പ്രകൃതിയുടെ അനിവാര്യ നിയമമാണ് മാറ്റമെങ്കിൽ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും പ്രകൃതിക്കു തന്നെയും മാറ്റങ്ങൾ സംഭവിച്ചേ മതിയാവൂ. മാറ്റത്തിലൂടെ മാത്രമേ നവീകരണവും പുരോഗതിയും ആധുനാധു നികരണവും തിരുത്തലും നൂതന സമീപനങ്ങളുമെല്ലാം സുസാദ്ധ്യമാകൂ. വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും മാറ്റങ്ങൾ വരുത്തിയിട്ടുള്ളവരാണ് ചരിത്രം മെനഞ്ഞെടുത്തിട്ടുള്ളത്. മാറ്റത്തെ ഭയക്കുകയും മാറ്റം ഇഷ്ടപ്പെടാ തിരിക്കുകയും ചെയ്യുന്നവർ അചിരേണ സമൂഹത്തിന് ശാപമായി മാറുന്നു. ഇക്കൂട്ടർ

ചരിത്രത്തെ മുന്നോട്ട് നയിക്കുന്നില്ലന്നു മാത്രമല്ല ചരിത്രത്തെ മലീമസമാക്കുക കൂടി ചെയ്യുന്നു. കെട്ടിക്കിടക്കുന്ന ജലം സാവധാനം മലിനമാകുന്നതു പോലെ മാറ്റത്തെ ചെറുക്കുന്നവർ തങ്ങൾ നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനങ്ങളെയും സമൂഹത്തെ തന്നെയും മലിനപ്പെടുത്തുന്നു.

നമ്മുടെ സമൂഹത്തിൽ മാറ്റം ഇല്ലാതെ റിട്ടയർമെന്റ് കാലം വരെ അധികാരം കയ്യാളുന്നവർ നമ്മുടെ മെത്രാന്മാർ മാത്രമാണ്. ദൈവം മാറ്റം ഇല്ലാത്തവനാണല്ലോ. ഞങ്ങൾ ദൈവത്തിന്റെ പ്രതിനിധികളാണ്. അതിനാൽ ഞങ്ങൾക്കും മാറ്റം വേണ്ട എന്ന മനോഭാവമാണ് നമ്മുടെ മെത്രാന്മാരിൽ നിഴലിക്കുന്നത് എന്ന തോന്നിപ്പോകും. നിയമ നിർമ്മാണം (Law making), നിയമ വ്യാഖ്യാന (Law interpretation), നിയമ നിർവ്വഹണം (Law execution) എന്നീ ത്രിവിധ അധികാരങ്ങളും കൈയടക്കി സഭാംഗങ്ങളുടെമേൽ സർവ്വാധിത്യം അവർ പ്രയോഗിക്കുന്നു. (ഇവരാണ് മറ്റ് ഭരണകർത്താക്കളു ഏകാധിപത്യ പ്രവർത്തനങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിക്കുന്നത്!). "Authority corrupts, absolute authority absolutely corrupt" എന്ന ചൊല്ല് എക്കാലവും പ്രസക്തമാണെന്ന് ഓർക്കുക.

ലോകവ്യവസ്ഥയിൽ ഒരാൾ അധികാരം കയ്യാളുന്ന കാലം. ടത്തിന് ചില പരിധികളും പരിമിതികളും കല്പിച്ചിട്ടുണ്ട്. ഭരണകർത്താവ് അധികാരത്തിൽ തുടരണമെങ്കിൽ ഒരു നിരപ കാലഘട്ടത്തിനുശേഷം അദ്ദേഹം ജനവിധി നേടിയിരിക്കണം ഈ തെരഞ്ഞെടുപ്പിൽ ജനങ്ങൾക്കു വേണമെങ്കിൽ അക്കാര പുറത്താക്കാം. ഭരണത്തെ സഹായിക്കുന്ന ഉദ്യോഗസ്ഥവന സംബന്ധിച്ചിടത്തോളം സ്ഥലംമാറ്റം എന്ന് 'ഡമോക്ലീഷൻ വാദ എപ്പോഴും അവരുടെ തലയ്ക്ക് മീതെ തൂക്കിയിട്ടിരിക്കുന്ന.

കത്തോലിക്കാ സഭയിലാകട്ടെ മെത്രാന്മാർ പെൻഷൻ പ്രായം വരെ അധികാരം, പേറുന്നു - സ്ഥലം മാറ്റം പോലും ഇല്ലാതെ. (60 വയസ്സിൽ റിട്ടയർ ചെയ്യണമെന്ന് നിയമം അനുശാസിക്കാനാണ്ടെങ്കിലും കൃത്യസമയത്ത് പലരും അതിന് വഴിപ്പെടറിലാ. സ്ഥലംമാറ്റം എന്ന ഡമോക്ലീഷൻ വാൾ തലക്ക് മുകളിൽ ഇല്ലാത്തതിനാൽ സർവ്വാധിപത്യ അധികാരത്തോടെ നിർഭയം അക്ഷരാർത്ഥത്തിൽ ആരെയും കൂസാതെ തന്നെ അവർ രൂപതാഭരണം നിർവ്വഹിക്കുന്നു. ഇന്നത്തെ ചുറ്റുപാടിൽ മുപ്പതും നാല്പതും വർഷം ഒരേ രൂപതാദ്ധ്യക്ഷന്റെ കീഴിൽ വിശ്വാസികൾ കഴിയേണ്ടി വരുന്ന ഗതികേടിലാണ്. ഈ മെത്രാനെക്കൊണ്ട് എല്ലാ അർത്ഥത്തിലും പൊറുതിമുട്ടുന്നുണ്ടെങ്കിലും സങ്കടം ആരോടു പറയാൻ. സഹിക്കുകതന്നെ.

സന്ന്യാസസഭകളെ സംബന്ധിച്ചിടത്തോളം അവരുടെ അധികാരികൾ ഒരു നിശ്ചിത കാലത്തേക്കുമാത്രം തെരഞ്ഞെടുക്കപ്പെടുന്നവരാണ്. ഭരണസമിതി വീണ്ടും തുടരണമെങ്കിൽ വീണ്ടും അംഗീകാരം തേടണം. ഇക്കാരണത്താൽ തെരഞ്ഞെടുക്കപ്പെടുന്ന അധികാരി ശ്രദ്ധിച്ചും സൂക്ഷിച്ചും ശുശ്രൂഷയായും മാത്രമേ അധികാരം പ്രയോഗിക്കൂ.

മെത്രാന്മാരുടെ സർവ്വാധിപത്യ അധികാര പീഡനം നിയന്ത്രിക്കാൻ മെത്രാന്മാരുടെ സ്ഥലംമാറ്റനയം വലിയ ഒരു അളവുവരെ സഹായിക്കും. ഇതുമൂലം രൂപതയ്ക്ക് മാത്രമല്ല മെത്രാന്മാർക്കു തന്നെയും വലിയ നേട്ടം ഉണ്ടാകും. ഓരോ മെത്രാനും എന്റെ രൂപത എന്ന സങ്കുചിത ചിന്തയിലാണ് ഇന്ന്. സഭാശുശ്രൂഷയാണ് എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന ചിന്ത പലർക്കും അന്യമായിരിക്കുന്നതു പോലെ തോന്നുന്നു. സഭയെ ഒന്നായി പൊതുവീക്ഷണത്തോടെ പല മെത്രാന്മാരും കാണുന്നില്ല എന്നതാണ് പരമാർത്ഥം സങ്കുചിതത്വത്തിന്റെ ബന്ധനങ്ങളിൽനിന്ന് അവർ വിമോചിതരാകുന്നതിന് സ്ഥലമാറ്റം ഏറെ ഗുണം ചെയ്യും. മെത്രാന്മാരുടെ പ്രതിബദ്ധത ഒരു പ്രത്യേക രൂപതയോടല്ല സഭയോടാണല്ലോ. ചില രൂപതകളിലെ സഹായമെത്രാന്മാർ നിത്യസഹായ മെത്രാന്മാരായി തങ്ങളുടെ രൂപതകളിൽതന്നെ തമ്പടിച്ച് കിടക്കേണ്ടി വരുന്നു. സഹായമെത്രന്മാരായി റിട്ടയർ ചെയ്യേണ്ടിവന്നിട്ടുള്ള അവസ്ഥയുമാണ് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുവാനും മെത്രാന്മാരുടെ സ്ഥലംമാറ്റം സഹായകമാണ്.

സീറോ മലബാർ സഭ ഇന്ന് ആഗോളസഭയാണ്. കേരളത്തിലെ മറ്റു രൂപതകളിൽ മാത്രമല്ല കേരളത്തിന്റെ ചുറ്റുപാടുകളിൽ നിന്നുപോലും മാറി മറ്റു രൂപതകളിൽ ശുശ്രൂഷ ചെയ്യുന്നതിന് ഇത് അവസരം ഒരുക്കുന്നു. മറ്റു രൂപതകളുടെ ഭൂപ്രകൃതി, പാരമ്പര്യങ്ങൾ, ജനങ്ങളുടെ മനശ്ശാസ്ത്രം, സംസ്കാരം, രൂപതകളുടെ സാമ്പത്തിക പരിതോവസ്ഥ ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ സ്ഥലം മാറ്റംവഴി അനുഭവപാഠമാകും. മെതാന് പുത്തൻ സംരംഭങ്ങൾക്ക് (initiative) അവസരം ഉണ്ടാകുകയും അങ്ങനെ പുത്തൻ നേതൃത്വം വിശ്വാസ ജീവിതത്തിന് ഉണർത്തു പാട്ടാവുകയും ചെയ്യും. കഴിഞ്ഞകാല ഭരണ അപജയങ്ങൾ തിരുത്തി മുന്നോട്ടു പോകാൻ പുത്തൻ അവസരം ഒരുക്കും.

ഇരുപതും മുപ്പതും വർഷം ഒരു രൂപതയെ ഭരിച്ച് ഒരു സാമ്രാജ്യം കെട്ടിപ്പടുത്ത് അതിന്റെ നിറുകയിൽ വാഴുന്ന മെത്രാനച്ചന് വല്ലപ്പോഴുമെങ്കിലും ഒരു മിഷൻ എക്സ്പീരിയൻസ് ഉണ്ടാകുന്നത് ശരിയായ ദിശാബോധത്തോടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി മുന്നോട്ടു പോകാൻ സഹായിക്കും. ആയുഷ്ക്കാലം മിഷൻ രൂപതകളിൽ കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ടിരിക്കുന്ന മെത്രാന്മാർക്ക് ഒരു ഇടക്കാല ആശ്വാസത്തിന് അത് വഴി തെളിയുകയും ചെയ്യും. മിഷൻ രൂപതകളിലെ അനുഭവം അവിടെ കഴിയുന്ന മാറ്റമില്ലാത്തെ മെത്രാന്മാർക്ക് കൂടുതൽ ഇരുത്തം വന്നതും മെച്ചപ്പെട്ടതുമായ സഭാ ശുശൂഷ നടത്തുന്നതിന് ഇടയാക്കുമെന്നതിൽ സംശയമില്ല. ഇവിടെ അനുഭവിക്കുന്ന മെതാൻ പദവിയുടെ സുഖം എല്ലായിടത്തും ലഭിക്കുകയില്ലെന്ന യാഥാർത്ഥ്യത്തിന് നേരെ അത് കണ്ണുതുറപ്പിക്കും. മെത്രാൻപദവി ശുശ്രൂഷ ഏറ്റുവാങ്ങുന്ന ഒന്നല്ലെന്നും അത് പൗലോശ്ലീഹ അനുഭവിച്ചതുപോലെ പട്ടിണിയും രോഗവും വീഡനങ്ങളും ക്ലേശവും ദാരിദ്യവുമെല്ലാം ഏറ്റുവാങ്ങുന്ന ശുശ്രൂഷയാണെന്നും ഉള്ള ബോദ്ധ്യത്തിലേക്ക് അത് കൈപിടിച്ചു നടത്തും.

മെത്രാൻ പെൻഷൻപ്രായം വരെ രൂപയിൽ കുറ്റിയടിച്ച് കെട്ടിക്കിടക്കുന്ന തുകൊണ്ട് ഞെളിപിരികൊള്ളുന്നത് വൈദികരും വിശ്വാസികളുമാണ്. മൂന്ന് നാല് പതിറ്റാണ്ടു കാലം ഒരു മെത്രാന്റെ ഭരണത്തിൽ കഴിയുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. രൂപതയിലെ അച്ചന്മാരുടെ അസ്തിത്വം മുഴുവനും കറങ്ങുന്നത് മെത്രാൻ എന്ന അച്ചുതണ്ടിലാണ്. അതിനാൽ ദൈവത്തെ പ്രീതിപ്പെടുത്തുക എന്നതിനേക്കാൾ മെതാനെ പ്രീതിപ്പെടുത്തുക എന്ന ഒറ്റക്കാര്യത്തിൽ മാത്രമായി മാറും പലപ്പോഴും വൈദികരുടെ മുഴു

വൻ ശ്രദ്ധയും. ഒരു വൈദികൻ നട്ടെല്ലോടുകൂടി "തിരുവായ്ക് എതിർവായ്' തുറന്നാൽ 'തൂമ്പയെ തുമ്പ'യെന്നു പറഞ്ഞാൽ അദ്ദേഹം മെത്രാനച്ചനു അനഭിമതനാകുകയും പിന്നീട് പാർശ്വവൽക്ക രിക്കപ്പെടുകയും ചെയ്യും. അതോടെ അദ്ദേഹത്തിന്റെ പൗരോഹി ത്യജീവിതം തുലഞ്ഞതുതന്നെ. സഭയിലെ പ്രവാചക ശുശ്രൂഷ എന്നൊക്കെ പറയുന്നത് കേവലം ദൈവശാസ്ത്ര കസർത്തുകൾ മാത്രമാണെന്ന് അപ്പോൾ മാത്രമേ മനസ്സിലാകൂ. ഇന്ന് ഒട്ടേറെ അച്ചന്മാരെ ദൈവഭയം (fear of God) എന്നതിനേക്കാൾ മെത്രാൻ ഭയം (fear of bishop) വേട്ടയാടിക്കൊണ്ടിരി ക്കുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. മെത്രാന്മാരുടെ സ്ഥലംമാറ്റം മെത്രാന് അനഭിമ തരും തന്മൂലം മാർജിനലൈസ് (marginalized) ആയി കഴിയുന്ന പല വൈദികർക്കും 'ശാപമോക്ഷത്തിനും' ഒരു പുതിയ തുടക്കത്തിനും അവസരമൊരുക്കും. മാത്രമല്ല രൂപത ഭരണത്തിൽ അനാവശ്യമായി സ്വാധീനം ചെലുത്തുന്ന 'കോക്കസു' കളേയും 'ശിങ്കിടി' കളേയും ചിതറിക്കാനും നിശ്ശബ്ദരാക്കാനും അത് ഉപകരിക്കും.

രൂപതയ്ക്ക് പുത്തൻ ഇനിഷിയേറ്റിവോ (initiative) പുത്തൻ ആത്മിയ നേതൃത്വമോ ലഭിക്കാതെ പോകുന്നത് ഒരു രൂപതയിൽ തന്നെ മെത്രാൻ വർഷങ്ങൾ കടിച്ചു തൂങ്ങിക്കിടക്കുന്നതു കൊണ്ടാണ്. ഓരോ മെത്രാനും 5 വർഷത്തിലൊരിക്കൽ രൂപതയെ ഭരിക്കാൻ തനിക്ക് വിശ്വാസികളുടെ അംഗീകാരം (mandate) ഉണ്ടോയെന്ന് രഹസ്യമായെങ്കിലും ഒരു ഹിതപരിശോധന നടത്തുന്നത് നന്നായിരിക്കും. പൊറുതിമുട്ടുന്നെങ്കിലും ഇന്നത്തെ സഭാസംവിധാനത്തിൽ പരസ്യവേദികളിൽ ജനം തങ്ങളുടെ വിയോജിപ്പ് തുറന്നു പറയുകയില്ല. സഭയുടെ സംവിധാനശക്തിക്ക് മുമ്പിൽ അവരും fear complex ഉള്ളവരാണ്. ഇരുമ്പിൽ കടിച്ചിട്ട് വെറുതെ പല്ലു നഷ്ടപ്പെടുത്തുവാൻ ആരും ഇഷ്ടപ്പെടുകയില്ലല്ലോ. ഹിതപരിശോധനയുടെ ഫലം പ്രതികൂലമെങ്കിൽ മെത്രാൻ സ്ഥലംമാറ്റം ആവശ്യപ്പെടുകയോ സ്വയം സ്ഥാനത്യാഗം ചെയ്ത് ഒഴിവാകുകയോ ആണ് വേണ്ടത്. മെത്രാന്മാരുടെ ഒറ്റപ്പെട്ട ചില സ്ഥലം മാറ്റങ്ങൾ സീറോ മലബാർ സഭയിൽ ഇതിനകം ഉണ്ടായിട്ടുണ്ട്. അവയെല്ലാം തന്നെ 'സഭാരാഷ്ട്രീയ'ത്തിന്റെ ഉപോല്പ്പന്നങ്ങൾ മാത്രമായിരുന്നുവെന്ന് വിലയിരുത്തുമ്പോൾ കാണാം.

സ്വന്തം, സ്ഥലം മാറ്റം ഇഷ്ടപ്പെടാത്ത മെത്രാന്മാർ സഹപ്രവർത്തകരായ വൈദികർക്ക് സ്ഥലംമാറ്റം നൽകുന്നതിൽ ഉത്സുകരാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ വൈദികരെ മെത്രാന്മാരുടെ "സുഹൃത്തുക്കളും സഹപ്രവർത്തകരും" (friends and collegues) എന്നാണ് വിശേഷിപ്പിക്കുന്നത്. പക്ഷേ വൈദികരുടെ സ്ഥലംമാറ്റ വിഷയത്തിൽ യജമാനത്തെ മനോഭാവമാണ് പലപ്പോഴും മെത്രാന്മാർ കാണിക്കുന്നത്. ചില മെത്രാന്മാർ ഇക്കാര്യത്തിൽ വൈദികരോട് കാണിക്കുന്നത് അടിമകളോട് എന്നതിനേക്കാൾ കഷ്ടതരമാണ്. സ്ഥലംമാറ്റം വഴി അനഭിമതരെ ചിതറിക്കുകയും ക്ലേശിപ്പിക്കുകയും നൊമ്പരപ്പെടുത്തുകയും ഒതുക്കുകയും മൂലക്കിരുത്തുകയും ചെയ്യുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഉണ്ട്. ദശാസ്ത്രപരമായി മെത്രാൻ അച്ചനിൽ നിന്നും അധികം വ്യത്യസ്തനല്ല. ഇരുകൂട്ടരുടെയും ദൗത്യം ഒന്നുതന്നെ. നേതൃത്വശു ശുഷ് മെത്രാന്മാരെ ഏല്പിച്ചിരിക്കുന്നു എന്നുമാത്രം.

അച്ചന്മാർക്ക് സ്ഥലംമാറ്റം ആകാമെങ്കിൽ മെത്രാന്മാർക്കും ആകാം. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കേണ്ടതാണ്. നിയമതാദാക്കൾ നിയമത്തിനും അതീതരായി കാണപ്പെടുന്ന വൈരുദ്ധ്യം മെത്രാന്മാരുടെ ഇടയിൽ മാത്രമാണ് കാണുന്നത്!. വികാരി നിയമനം ഒരു നിശ്ചിത കാലഘട്ടത്തക്ക് സ്ഥിരതയു ള്ളതായിരിക്കണം (stable position) എന്ന് കാനൻ നിയമം അനുശാസിക്കുന്നുണ്ട്. പക്ഷേ മെത്രാന്മാർക്ക് സൗകര്യംപോലെ എപ്പോൾ വേണമെങ്കിലും അച്ചന്മാരെ സ്ഥലം മാറ്റാവുന്ന വിധത്തിൽ ഈ നിയമത്തിന് പഴുതായി ഒരു ഉപവകുപ്പ് വ്യാഖ്യാന രൂപേണ അവർ തുന്നിച്ചേർത്തിരിക്കുന്നു

റിട്ടയർ ചെയ്ത് ബിഷപ്പുമാരെക്കുറിച്ചും ചിലകാര്യങ്ങൾ എടു ത്തുപറയേണ്ടതുണ്ട്. കേരളത്തിലെ ഒട്ടേറെ സീറോ മലബാർ രൂപതകളിലും തന്നെ റിട്ടയർ ചെയ്ത ബിഷപ്പുമാർ ഉണ്ട്. 4 മെത്രാന്മാർ ഉള്ള രൂപതയും കാണുന്നു. 3, 2, 1 എന്ന ക്രമത്തിൽ ഇപ്പോൾ ചില രൂപതകളിൽ മെത്രാന്മാർ അധീകരിച്ചുകഴിഞ്ഞിരിക്കുന്നു. എമരിത്തൂസ് ആയിട്ടും രൂപതയുടെ ആർച്ച് ബിഷപ്പ് എന്ന വിധം Designation വയ്ക്കുന്നവരുമുണ്ട്.

രൂപതയെ 30 ഉം അതിലധികവും വർഷം സേവിച്ച് ബോറടിപ്പിച്ച ശേഷം റിട്ടയർ ചെയ്യുന്നവരിൽ നിന്ന് മെത്രാൻ ശുശ്രൂഷ ദൈവജനം പ്രതീക്ഷിക്കുന്നില്ല. അവർ ഒതുങ്ങിക്കുടി പ്രാർത്ഥനയിലും അത്മീയതയിലുമായി. വിശ്രമജീവിതം നയിക്കേണ്ടവരാണ്. അവർ തൊപ്പിയും വടിയുമായി പ്രത്യക്ഷപ്പെടുന്നത് അഭികാമ്യമായി ദൈവ ജനം കരുതുന്നില്ല. റിട്ടയർ ചെയ്തവർ വിശ്രമജീവിതം നയിക്കേണ്ട വരാണ്. അവർ ആരോഗ്യംപോലെ ഇടവകകളിലും മറ്റും പോയി വൈദികശുശ്രൂഷകളായ കുമ്പസാരവും മറ്റും നടത്തി സഹായിക്കാന്നത് ദൈവജനം ഇഷ്ട്പ്പെടുന്നു. റിട്ടയർ ചെയ്തവർ പ്രീസ്റ്റ് ഹോമിലോ വല്ല പുവർ ഹോമിലോ താമസിച്ച് സാധാരണ ജീവിതം നയിക്കുകയാണ് വേണ്ടത്. ചില ബിഷപ്പ് മാർ അപ്രകാരം ചെയ്യുന്നുണ്ട് എന്നത്. പ്രത്യേകം സ്മരണീയമാണ്. അവർ റിട്ടയർ ചെയ്തശേഷം അധികാരമുള്ളവരെപ്പോലെ രാജകീയ ജീവിതം നയിക്കുന്ന ശൈലി മാറണം. കേരളത്തിലെ റിട്ടയർ ചെയ്ത ഒരു മെത്രാൻ 6000 ച.അടി വിസ്തീർണ്ണമുള്ള സ്ഥലസൗകര്യങ്ങളാണ് വിശ്രമജീവിതത്തിന് ഒരുക്കിയിരിക്കുന്നതത്രേ. ലളിത ജീവിതത്തിന്റെ ഉദാത്തമാതൃക! ജീവിച്ചിരിക്കേ സ്വന്തം പേരിൽ സ്ഥാപനങ്ങൾ തീർത്ത് വെള്ളാപ്പള്ളി നടേശന്റെ സഹയാത്രികരാവുന്നവരുമുണ്ട് എന്നു കൂടി കുറിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തിൽ രണ്ട് വിഭാഗം ആളുകളാണുള്ളത്: അധികാരം വഹിക്കുന്നവരും അധികാരം സഹിക്കുന്നവരും. അധികാരം സഹിക്കുന്നവരെക്കുറിച്ചുള്ള ചിന്ത അധികാരം വഹിക്കുന്നവർക്കുണ്ടാകണം.

ആകെക്കൂടി നോക്കുമ്പോൾ അച്ചന്മാർക്ക് എന്നതുപോലെ മെത്രാന്മാർക്കും ഇടയ്ക്കിടയ്ക്ക് സ്ഥലംമാറ്റം വേണം. 'അത് സഭയ്ക്ക് കൂടുതൽ ഊർജ്ജവും കരുത്തും പകരും. ഏറിയാൽ 10 വർഷം ഒരു രൂപതയിൽ എന്ന് കാലാവധി നിശ്ചയിക്കുന്നതും നന്ന്. മെത്രാന്മാരുടെ സ്ഥലംമാറ്റം രൂപതയ്ക്ക് മൊത്തത്തിലും, മെത്രാ ന്മാർക്ക് വ്യക്തിപരമായും അച്ചന്മാർക്ക് പ്രത്യേകിച്ചും സഭയ്ക്ക് പൊതുവെയും ഗുണം ചെയ്യും – തർക്കമില്ല. ഒരു change ആരാണ ഇഷ്ടപ്പെടാത്തത്.